"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് - കുടിവെള്ളപദ്ധതികളുടെ വൈദ്യുതി കുടിശ്ശിക തനതുഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.418/2022/LSGD തീയതി,തിരുവനന്തപുരം, 22-02-2022

---

പരാമർശം:- 1) ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29/11/2021 ലെ സാധാരണയോഗത്തിലെ 4-ാം നമ്പർ തീരുമാനം.

2) ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ചിരിക്കുന്ന 02/12/2021 ലെ കത്ത്.

**ഉത്തരവ്**

ലെക്കിടി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലെക്കിടി, മുളഞ്ഞൂർ, പാലക്കുറുശ്ശിപറമ്പ്, അകലൂർ, ഞാവലിൻകടവ് പദ്ധതികൾ 04/03/2014 ന് പഞ്ചായത്ത് ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് ലെക്കിടി, മുളഞ്ഞൂർ കുടിവെള്ള പദ്ധതികൾക്ക് കീഴിലുള്ള ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ബൃഹത് പദ്ധതി 1 നും പാലക്കുറുശ്ശിപറമ്പ്, അകലൂർ, ഞാവലിൻകടവ് പദ്ധതികളിലെ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ബൃഹത് പദ്ധതി 2 നും രൂപം നൽകി.

2) ബൃഹത് പദ്ധതി 1 ന് കീഴിലുള്ള ലെക്കിടി, മുളഞ്ഞൂർ കുടിവെള്ള പദ്ധതികൾ 2017 നവംബറിൽ ഗുണഭോക്തൃസമിതികളുടെ അപെക്സ് ബോഡിയായ സ്കീം ലെവൽ കമ്മിറ്റി 1 (എസ്.എൽ.ഇ.സി 1) ന് ഗ്രാമപഞ്ചായത്ത് കൈമാറുകയും ആയത് കമ്മീഷൻ ചെയ്ത് പദ്ധതിയുടെ നടത്തിപ്പും പരിപാലനവും എസ്.എൽ.ഇ.സി 1 കമ്മിറ്റിയാണ് നടത്തിവരുന്നത്.

3) ബൃഹത് പദ്ധതി 2 ന് കീഴിൽ വരുന്ന പാലക്കുറുശ്ശിപറമ്പ്, അകലൂർ, ഞാവലിൻകടവ് പദ്ധതികളുടെ ആസ്തികളുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനും എസ്.എൽ.ഇ.സി 2 കമ്മിറ്റിക്കുമാണ്. എന്നാൽ ബൃഹത് പദ്ധതി 2 ന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ മേൽ പദ്ധതികൾ എസ്.എൽ.ഇ.സി 2 കമ്മിറ്റിക്ക് പഞ്ചായത്ത് ഔദ്യോഗികമായി കൈമാറിയിട്ടില്ല.

4) നിലവിൽ പാലക്കുറുശ്ശിപറമ്പ് (കൺസ്യൂമർ നം.6774), ഞാവലിൻകടവ് (കൺസ്യൂമർ നം.17599) കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് അടവാക്കാത്തതിനാൽ പത്തിരിപ്പാല കെ.എസ്.ഇ.ബി സെക്ഷൻ ഇലക്ട്രിക്കൽ സെക്ഷൻ സീനിയർ സൂപ്രണ്ട് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയുണ്ടായി എന്നും ആയത് 29/10/2021 ന് കൂടിയ ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്യുകയും എസ്.എൽ.ഇ.സി 2 സെക്രട്ടറിക്ക് വൈദ്യുതി ചാർജ് അടവാക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചിരുന്നു എന്നും ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം അറിയിച്ചിരിക്കുന്നു.

5) പാലക്കുറുശ്ശി പറമ്പ് (കൺസ്യൂമർ നം.6774) പദ്ധതിയിൽ 2,02,008/- രൂപയും ഞാവലിൻകടവ് (കൺസ്യൂമർ നം. 17599) പദ്ധതിയിൽ 5,83,976 രൂപയും വൈദ്യുതി കുടിശ്ശികയുണ്ട്. ആയത് രണ്ട് ഗഡുക്കളായി അടിയന്തരമായി

അടവാക്കുന്നതിന് കെ.എസ്.ഇ.ബി നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത വിഷയം എസ്.എൽ.ഇ.സി-2 മായി പഞ്ചായത്ത് നടത്തിയ യോഗത്തിൽ ചർച്ച ചെയ്തു. ഗുണഭോക്താക്കളിൽ നിന്ന് വെള്ളക്കരം പിരിച്ചെടുക്കാത്ത സാഹചര്യത്തിലും പദ്ധതികൾ എസ്.എൽ.ഇ.സി 2 വിന് പൂർണ്ണമായി കൈമാറാത്തതിനാലും കമ്മിറ്റിക്ക് ഇത്രയും ഭീമമായ തുക പെട്ടെന്ന് അടവാക്കുന്നതിന് കഴിയില്ല എന്ന് എസ്.എൽ.ഇ.സി-2 സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 30/06/2012 ലെ സ.ഉ(സാധാ)നം.1816/2012/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആസ്തികളുടെ ഉടമസ്ഥാവകാശം ഗ്രാമപഞ്ചായത്തിനും ഗുണഭോക്തൃ സമിതിക്കുമാണെങ്കിലും പദ്ധതിയുടെ നടത്തിപ്പും പരിപാലനവും 100% ഗുണഭോക്തൃസമിതിക്കാണ്. പ്രസ്തുത സാഹചര്യത്തിൽ നിയമാനുസൃതം പഞ്ചായത്തിന് ടി വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിന് സാധിക്കുകയില്ല എന്നും എന്നാൽ മുൻ നടപടിക്രമങ്ങളും അപാകതകളും കാരണം യഥാസമയം ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുവാൻ കഴിയാത്തതിനാൽ ഉണ്ടായ കുടിശ്ശിക തുക തീർപ്പാക്കുന്നതിന് പഞ്ചായത്തിന്റെ സഹായം എസ്.എൽ.ഇ.സി 2 ആവശ്യപ്പെട്ടിട്ടാണ് എന്നും കെ.എസ്.ഇ.ബി അധികൃതർ ഡിസ്കണക്ഷൻ നോട്ടീസ് നൽകിയിരിക്കുന്ന സാഹചര്യത്തിൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്ന സാഹചര്യം വന്നാൽ പഞ്ചായത്തിലെ 6,7,8,9,11 വാർഡുകളിലെ 1600 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളം മുടങ്ങുന്ന സ്ഥിതിവിശേഷമാകും സംജാതമാകുമെന്നതിനാൽ കെ.എസ്.ഇ.ബി.യിൽ നിന്നും 25/11/2021 ലെ ഡിസ്കഷൻ നോട്ടീസ് പ്രകാരമുള്ള തുക 7,85,984 /- രൂപ പഞ്ചായത്തിൽ നിന്നും എസ്.എൽ.ഇ.സി-2 ന് അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിലെ ഞാവലിൻകടവ് നദീജലവിതരണ പദ്ധതി. പാലക്കുറുശ്ശിപറമ്പ് (ബോർവെൽ സ്കീം) പദ്ധതി എന്നീ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 7.85,984 /- രൂപ ( ഏഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി തൊള്ളായിരത്തി എൺപത്തിനാല് രൂപ) തനത് ഫണ്ടിൽ നിന്നും ഒറ്റതവണത്തേക്ക് ചെലവഴിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ. തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ,
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന് .
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.